**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1304** **19-09-2025 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വളാഞ്ചേരി റിംഗ് റോഡ് പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. നിലവിൽ പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിങ്ങിന് നിർദ്ദേശം നൽകുകയും ആയത് പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവർത്തിയുടെ ടോപോഗ്രാഫിക് സർവ്വേ, ടേണിങ് മൊമെൻറ് സർവ്വേ, ട്രാഫിക് കൌണ്ട് സർവ്വേ പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ആയത് അടിസ്ഥാനമാക്കിയ അലൈൻമെന്റ് ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ ധനാനുമതി ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | അലൈൻമെന്റ് ഡിസൈന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല |
| (സി) | പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | അലൈൻമെന്റ് തയ്യാറാക്കി അതിന് അംഗീകാരം ലഭ്യമായതിന് ശേഷം നടപടിക്രമങ്ങൾ പാലിച്ച് ഡി പി ആർ തയ്യാറാക്കിയ ശേഷം തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ